# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

28-01-2019 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 361

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം

ചോദ്യം

ശ്രീ. എം.വിൻസെന്റ് :

മറുപടി

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ് ; | (എ) നാലുഘട്ടങ്ങളായി നിർമ്മാണം പൂർത്തീകരിക്കാൻ വിഭാവനം ചെയ്തിട്ടുള്ള വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഒന്നാംഘട്ടത്തിലെ വിവിധ ഘടകങ്ങളുടെ നിലവിലെ പുരോഗതി താഴെ പറയുന്നു: |

| നിർമ്മാണ ഘടകങ്ങൾ | നിലവിലെ സ്ഥിതി |
|---|---|
| പുലിമുട്ട് നിർമ്മാണം | 3100 മീറ്റർ നീളമുള്ള പുലിമുട്ടിന്റെ 565 മീറ്റർ ഭാഗികമായി പൂർത്തീകരിച്ചു. 9400 അക്രോപോഡുകളുടെ നിർമ്മാണവും പൂർത്തിയായി. പാറ ലഭിക്കാത്തതിനാൽ പുലിമുട്ട് നിർമ്മാണത്തിൽ പുരോഗതിയില്ല. |
| ഡ്രെഡ്ജിങ് & റിക്ളമേഷൻ | ഏകദേശം 7 ദശലക്ഷം ഘനമീറ്റർ മണ്ണ് ഡ്രെഡ്ജ് ചെയ്ത് ഏകദേശം 53 ഹെക്ടർ കടൽ നികത്തേണ്ടതിൽ 40% പ്രവൃത്തി പൂർത്തീകരിച്ചു. ഓഖി ചുഴലിക്കാറ്റിനെ തുടർന്ന് നിറുത്തിവച്ച പണികൾ 2018 ഡിസംബർ മാസം മുതൽ പുനരാരംഭിച്ചിട്ടുണ്ട്. |
| ബെർത്ത് നിർമ്മാണം | 800 മീറ്റർ നീളത്തിലുള്ള ബെർത്തിനുവേണ്ടിയുള്ള 615 പൈലുകളിൽ 561 പൈലുകൾ സ്ഥാപിച്ചു കഴിഞ്ഞു. |
| യാർഡ് നിർമ്മാണം | റിക്ലമേഷൻ ജോലികൾ പൂർത്തിയാകുന്ന മുറയ്ക്ക് കണ്ടെയ്നർ യാർഡും അനുബന്ധ സൗകര്യങ്ങളും നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

| | |
|---|---|
| തുറമുഖത്തിനാവശ്യമായ യന്ത്രോപകരണങ്ങളുടെ നിർമ്മാണവും സ്ഥാപിക്കലും | അദാനി കമ്പനി നൽകിയ കരാറുകളുടെ അടിസ്ഥാനത്തിൽ ടഗ് ബോട്ടുകൾ, ക്രെയിനുകൾ, യാർഡ് ക്രെയിനുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |
| സ്റ്റോറേജ്, കെട്ടിടങ്ങൾ, നാവിഗേഷൻ ഉപകരണങ്ങൾ | ഇവയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| പുതിയ മത്സ്യബന്ധന തുറമുഖം | Detailed Project Report ലഭിച്ചിട്ടുണ്ട്. നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

(ബി) 2019 ൽ തുറമുഖം പ്രവർത്തന സജ്ജമാകുമെന്ന് ഉദ്ഘാടന വേളയിൽ നടത്തിയ പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് നിലവിലെ സാഹചര്യത്തിൽ സാധ്യമാണോ എന്ന് വെളിപ്പെടുത്താമോ ;

(ബി) പാറ ലഭിക്കുന്നതിനുള്ള കാലതാമസം മൂലം നിശ്ചിത പൂർത്തീകരണ തീയതിയായ 2019, ഡിസംബർ 3 ന് തുറമുഖ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയില്ല എന്ന് അദാനി തുറമുഖ കമ്പനി അറിയിച്ചിട്ടുണ്ട്.

(സി) തുറമുഖത്തോടനുബന്ധിച്ചുള്ള പുലിമുട്ട് നിർമ്മാണത്തിന് കരിങ്കല്ല് ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ നീങ്ങിയിട്ടുണ്ടോ; നഗരൂർ കടവിള ക്വാറിയിൽ നിന്നും കരിങ്കല്ല് ലഭ്യമാക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ് ;

(സി) സ്വകാര്യ ഏജൻസികളുമായി കരാറിലേർപ്പെട്ട് തുറമുഖ നിർമ്മാണത്തിനുള്ള പാറ കൊണ്ടുവരുന്നതിനാണ് അദാനി കമ്പനി ആദ്യം ശ്രമിച്ചിരുന്നത്. ഇതിൽ തടസ്സം നേരിട്ട സാഹചര്യത്തിൽ സർക്കാർ ഭൂമിയിൽ സ്വന്തമായി ക്വാറികൾ സ്ഥാപിച്ചും സ്വകാര്യ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടും പാറ ലഭിക്കുന്നതിനുള്ള നടപടികളാണ് അദാനി കമ്പനി ഇപ്പോൾ സ്വീകരിച്ച് വരുന്നത്. ക്വാറികൾ സ്ഥാപിക്കുന്നതിന് റവന്യൂ മൈനിംഗ് & ജിയോളജി, പരിസ്ഥിതി തുടങ്ങിയ വിവിധ വകുപ്പുകളുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. അദാനി കമ്പനി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൻമേൽ ഈ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വരികയാണ്. ത്വരിത ഗതിയിൽ ഈ നടപടികൾ പൂർത്തീകരിക്കുന്നതിന് സർക്കാർ വിവിധ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

നഗരൂർ കടവിള ക്വാറിയിൽ നിന്നും പാറ പൊട്ടിക്കുന്നതിനുള്ള നിരാക്ഷേപ സാക്ഷ്യപത്രം, മൈനിംഗ് പ്ലാൻ എന്നിവ സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. ടി ക്വാറിക്ക് പാരിസ്ഥിതികാനുമതി ലഭിക്കുന്നതിനുള്ള അപേക്ഷ സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസ്സെസ്സ്മെന്റ് അതോറിറ്റി (SEIAA) യുടെ മുമ്പാകെ സമർപ്പിച്ചിരിക്കുകയാണ്.

| | | | |
|---|---|---|---|
| (ഡി) | പുലിമുട്ട് നിർമ്മാണത്തിന് ആവശ്യമായ കരിങ്കല്ല് അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ ; | (ഡി) | ഗുജറാത്ത്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ നിന്നും പദ്ധതിക്കാവശ്യമായ പാറയുടെ ഒരു ഭാഗം സമാഹരിക്കാൻ ശ്രമിച്ചു വരികയാണെന്ന് അദാനി കമ്പനി അറിയിച്ചിട്ടുണ്ട്. ടി സംസ്ഥാനങ്ങളിൽ നിന്ന് കപ്പൽ മാർഗ്ഗം പാറ വിഴിഞ്ഞത്ത് എത്തിച്ച ശേഷം കടലിൽ വച്ചു തന്നെ ചെറിയ ബാർജ്ജുകളിലേക്ക് മാറ്റി പുലിമുട്ട് നിർമ്മാണത്തിനായി ഉപയോഗിക്കുവാനാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. |
| (ഇ) | തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനത്തിലുണ്ടായ മാന്ദ്യം നീക്കി തുറമുഖം പ്രവർത്തന സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ ? | (ഇ) | തുറമുഖ നിർമ്മാണ പ്രവർത്തനം വൈകുന്നതിനു കാരണം യഥാസമയം പദ്ധതിക്കാവശ്യമായുള്ള പാറ ലഭ്യമാക്കുവാൻ അദാനി കമ്പനിക്ക് കഴിയാത്തതിനാലാണ്. അതിനാൽ സർക്കാർ ഭൂമിയിൽ സ്വന്തമായി ക്വാറികൾ സ്ഥാപിച്ചും സ്വകാര്യ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടും പാറ ലഭിക്കുന്നതിനുള്ള നടപടികളാണ് അദാനി കമ്പനി ഇപ്പോൾ സ്വീകരിച്ചു വരുന്നത്. അദാനി കമ്പനി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ ത്വരിതഗതിയിൽ പരിശോധിച്ച് അനുമതികൾ നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണ്. ഇത് അവലോകനം ചെയ്യുന്നതിനായി ബഹു.മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി, വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി തുടങ്ങിയവരുടെ നേതൃത്വത്തിൽ വിവിധ യോഗങ്ങൾ ചേരുകയും ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായുള്ള അനുയോജ്യ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുമുണ്ട്. |

**സെക്ഷൻ ഓഫീസർ**